## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5300** 21-07-2022 - ൽ മറുപടിയ്ക്ക്

## നിയമ ബിരുദ പഠനത്തിനായുള്ള എൻട്രൻസ് പരീക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിയമബിരുദ പഠനത്തിനായുള്ള കേരള ലോ എൻട്രൻസ് എക്സാം 2022 ജൂലൈ മാസത്തിൽ നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്നത് മാറ്റിവയ്ക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ഇന്റഗ്രേറ്റഡ് പഞ്ചവത്സര. ത്രിവത്സര എൽ.എൽ.ബി പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് അംഗീകരിക്കുന്ന തിനുള്ള റീ-വാമ്പ് കമ്മിറ്റി 13.06.2022 – നാണ് കൂടിയത്. കമ്മിറ്റിയുടെ മിനിറ്റ്സ് 29.06.2022 ന അംഗീകരിച്ചിരുന്നു. മിനിട്സിൽ അംഗീകരിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തിയ ഇന്റഗ്രേറ്റഡ് പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി കോഴ്സിന്റെ പ്രോസ്പെക്ടസുകൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 2021അദ്ധ്യയന വർഷത്തെ പഞ്ചവത്സര എൽഎൽബി പ്രവേശന പരീക്ഷ 11.08.2021 – ലും ത്രിവത്സര എൽ.എൽ.ബി കോഴ്സ് 12.08.2021 ലുമായാണ് നടത്തിയത്. ഓരോ അക്കാദമിക വർഷങ്ങളിലും എൽ.എൽ.ബി കോഴ്സിന് നിഷ്കർഷിക്കുന്ന യോഗ്യത നേടുന്ന അവസാന പരീക്ഷ ഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികളും സമയബന്ധിതമായി നടത്തുന്ന പ്രവേശന പരീക്ഷകളിൽ പങ്കെടുക്കാറുണ്ട്. കൂടാതെ, മെഡിക്കൽ, എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് സംസ്ഥാനത്തിലോ അഖിലേന്ത്യ തലത്തിലോ അലോട്ട്മെന്റ് നടപടികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. ഈ കോഴ്സുകളിൽ, ആദ്യഘട്ട അലോട്ട്മെന്റുകൾ കഴിഞ്ഞതിനു ശേഷമോ അതിനൊപ്പമോ ആണ് സാധാരണയായി എൽഎൽബി കോഴ്സുകൾക്ക് അലോട്ട്മെന്റ് നടത്തുന്നത്. നിലവിലെ സാഹചര്യത്തിൽ അലോട്ട്മെന്റിന് ഏറ്റവും ഉചിതമായ സമയത്തു തന്നെ അലോട്ട്മെന്റ് നടത്താൻ സാധ്യമാകുംവിധം പ്രവേശന പരീക്ഷയും തുടർന്ന് പരീക്ഷാ ഫലപ്രഖ്യാപനവും നടത്തുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. |
| (ബി) | ഇപ്രകാരം ഇവിടെ എൻട്രൻസ് പരീക്ഷ | (ബി) | എൽഎൽബി പ്രവേശന പരീക്ഷ മാറ്റി വച്ചതു മൂലം |

| | | | |
|---|---|---|---|
| | മാറ്റിവയ്ക്കുന്നത് മൂലം ഇവിടെ അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾക്ക് , അഡ്മിഷൻ നടപടികൾ നേരത്തേ പൂർത്തിയാകുന്ന മറ്റു സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളിൽ പ്രവേശനം നേടുന്നതിന് സാധിക്കാതെ വരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | | വിദ്യാർത്ഥികൾക്ക് മറ്റു സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളിൽ പ്രവേശനം നേടുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നതായുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ